(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ജല അതോറിട്ടിയിലെ നിയമനങ്ങൾ

150. [196] ശ്രീ. എം. ജിനദേവൻ :

,, സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയിൽ മാനേജ്മെന്റ് പി. എസ്. സി. വഴിയല്ലാതെ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേരെയാണ് നിയമിച്ചതെന്ന് വെളിപ്പെടുത്താമോ ;

(സി) അതിൽ ഹരിജനങ്ങൾ എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 118 പേർ.

(സി) 17 പേർ.

വാട്ടർ അതോറിറ്റിയിൽ ഹാൻഡ്റസീറ്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ

151. [197] ശ്രീ. സി. റ്റി. അഹമ്മദ് അലി :

,, പി. സീതിഹാജി :

,, കൊരമ്പയിൽ അഹമ്മദ് ഹാജി :

,, പി. കെ. കെ. ബാവ :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയിൽ ഹാൻഡ് റസീറ്റ് വ്യവസ്ഥയിൽ (എച്ച്. ആർ.) ജോലി ചെയ്യുന്ന എത്ര താല്ക്കാലിക ജീവനക്കാരുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) 1984-ന് ശേഷം എത്രപേരെ ഈ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ഡി) ഇതിന്റെ ജാതി തിരിച്ചുള്ളകണക്കു വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1033 പേരുണ്ട്.

(ബി) 1033 പേർ

LIBRARY ARCHIVES Kerala Legislative Assembly